## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1526

22/03/2013 - ലെ മറുപടിയ്ക്ക്

### ജൈവവള ലഭ്യത ഉറപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് ആവശ്യമായ തോതിൽ ജൈവവളം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് ജൈവവളത്തിന് കൂടുതൽ ദൗർലഭ്യം നേരിടുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) ജൈവവളത്തിന്റെ ദൗർലഭ്യം സംബന്ധിച്ച് ജില്ലകളിൽ നിന്നും റിപ്പോർട്ടുകൾ ഒന്നും ലഭ്യമായിട്ടില്ല. |
| (സി) ജൈവവളത്തിന്റെ ഉപയോഗത്തിൽ വന്ന വർദ്ധനവ് അനുസരിച്ച് ഇതിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കൃഷി വകുപ്പിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണിര കമ്പോസ്റ്റ്, ജൈവമാലിന്യം കൊണ്ടുള്ള കമ്പോസ്റ്റ് എന്നീ പദ്ധതികൾക്ക് നിലവിൽ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ ജീവാണുവളം സർക്കാർ ലാബിൽ ഉൽപ്പാദിപ്പിച്ച് ആവശ്യമനുസരിച്ച് വിതരണം നടത്തി വരുന്നുണ്ട്. |
| (ഡി) സംസ്ഥാനത്തിന്റെ പുറത്ത് നിന്ന് ജൈവവളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; | (ഡി) & (ഇ) ഈ പദ്ധതി നിലവിൽ പരിഗണനയിലില്ല. |
| (ഇ) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ